


# രക്ഷകനെ

# കാത്തിരുന്ന ജനം

5

**സീറോ മലബാർ സഭയുടെ വിശ്വാസ**

**പരിശീലന പാഠാവലി.**

പാഠം 1

# ബൈബിൾ :

# രക്ഷയുടെ ചരിത്രം



❖ ബൈബിൾ എന്ന വാക്കിന്റെ അർത്ഥം

പുസ്തകം

❖ ബിബ്ലിയ എന്ന ഗ്രീക്കു പദത്തിൽനിന്നാണ് ബൈബിൾ എന്ന വാക്ക് ഉായത്.




❖ ആകെ 73 പുസ്തകങ്ങൾ

പഴയ നിയമം - 46

പുതിയ നിയമം - 27

ഇവയിലൂടെയെല്ലാം സ്നേഹപിതാവായ

ദൈവം മനുഷ്യരോടു സംസാരിക്കുന്നു.




# ബൈബിൾ ജീവിതത്തിനു വഴികാട്ടി

'അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും,
വഴികളിൽ പ്രകാശവുമാണ്".

ലോകത്തിന്റെ ആരംഭം, മനുഷ്യന്റെ ഉത്ഭവം, മനുഷ്യജീവിതത്തിന്റെ ലക്ഷ്യം, ആ ലക്ഷ്യം നേടാനുള്ള വഴികൾ എന്നിവയെക്കുറിച്ചെല്ലാം ബൈബിൾ പഠിപ്പിക്കുന്നു.

# ബൈബിൾ ജീവദായക വചനം




‘മനുഷ്യൻ അപ്പം കൊു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊുമാണ് ജീവിക്കുന്നത്’.

ആത്മാവിനുള്ള ഭക്ഷണമാണു ദൈവവചനം. കാരണം ദൈവത്തിന്റെ വചനം ആത്മാവും ജീവനുമാണ്.

‘സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനു്’. (യോഹ. 5:24)

# ബൈബിൾ ദൈവത്തിന്റെ സന്ദേശം

**ബൈബിളിൽ സംസാരിക്കുന്നതു ദൈവം തന്നെയാണ്.**

**ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നതു**
**ബൈബിളിലൂടെയാണ്.**

**ദൈവമാണു മനുഷ്യമക്കളെ സൃഷ്ടിച്ചതെന്നും അവർ ദൈവസ്നേഹ**
**ത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്നുവെന്നും**
**ബൈബിൾ പഠിപ്പിക്കുന്നു.**

**ദൈവത്തിന്റെ വചനം ജീവൻ പ്രദാനം ചെയ്യുന്നു.**



# പഴയനിയമവും പുതിയ നിയമവും

- മനുഷ്യകുലത്തെ രക്ഷിക്കാനായി ദൈവം നടത്തിയ രക്ഷാകര പദ്ധതിയുടെ ആദ്യഭാഗമാണു പഴയനിയമ ഗ്രന്ഥങ്ങളിൽ കാണുന്നത്.

  - പ്രപഞ്ചസൃഷ്ടി, ഇസ്രായേൽ ജനതയുടെ തെരഞ്ഞെടുപ്പ്, അടിമത്തത്തിൽ നിന്നുള്ള മോചനം, വിശുദ്ധനാട്ടിലേക്കുള്ള പ്രവേശനം, ജീവിത നിയമങ്ങൾ.

# പഴയനിയമത്തിലെ ആദ്യത്തെ 5 ഗ്രന്ഥങ്ങൾ - പഞ്ചഗ്രന്ഥി

1. ഉൽപത്തി
2. പുറപ്പാട്
3. ലേവ്യർ
4. സംഖ്യ
5. നിയമാവർത്തനം



## പഴയനിയമഗ്രന്ഥങ്ങളെ പൊതുവിൽ 3 വിഭാഗങ്ങളായി തിരിച്ചിട്ടു് .

1. ചരിത്രപരം,
2. പ്രവചനപരം,
3. പ്രബോധനപരം.

# പുതിയനിയമ ഗ്രന്ഥങ്ങൾ

ഈശോയിലൂടെയും, അപ്പസ്തോലന്മാരിലൂടെയും ദൈവം നല്കുന്ന സന്ദേശങ്ങളാണു പുതിയനിയമ ഗ്രന്ഥങ്ങളിലുള്ളത്.

ഈശോയുടെ ജീവിതമാണ് ഇതിന്റെ കേന്ദ്രബിന്ദു

## പുതിയനിയമ ഗ്രന്ഥങ്ങൾ :

- ഈശോയുടെ ജീവിതത്തെയും, പ്രബോധനങ്ങളെയും വിവരിക്കുന്ന പുതിയനിയമത്തിലെ 4 സുവിശേഷങ്ങൾ
- അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ
- വി. പൗലോസിന്റെ പേരിൽ അറിയപ്പെടുന്ന 14 ലേഖനങ്ങൾ
- 7 കാതോലിക ലേഖനങ്ങൾ
- വെളിപാട്

# ദൈവാനുഭവത്തിന്റെ ചരിത്രം

- പഴയനിയമ ജനതയുടെ ദൈവാനുഭവത്തിന്റെ ലിഖിതരൂപം.
- ഇസ്രായേൽക്കാരുടെ ജീവിതത്തിൽ നിരന്തരം ഇടപെട്ട ദൈവം നമ്മുടെ ജീവിതത്തിലും ഇടപെടുന്നു്.
- ഇസ്രായേലിനെ പ്രതിസന്ധികളിൽ വഴിനടത്തിയ ദൈവം തക്ക സമയത്തു നമ്മെയും സാഹായിക്കും.



# നമുക്കുപ്രാർത്ഥിക്കാം

**കർത്താവേ, പൂർണ ഹൃദയത്തോടെ ഞാൻ അങ്ങയെ തേടുന്നു. അങ്ങയുടെ കല്പന വിട്ടു നടക്കാൻ എന്നെ അനുവദിക്കരുതേ.**



# നമുക്കു പാടാം

ജീവദായകവചനമിതാ
ദൈവമേകിയ ദീപമിതാ
പാതയിലെല്ലാം പ്രഭവിതറാൻ
പാദങ്ങൾക്കു വിളക്കാകാൻ

വിശുദ്ധഗ്രന്ഥം പ്രപഞ്ചമെങ്ങും
വെളിച്ചമേകും തിരുഗ്രന്ഥം
മനുഷ്യരക്ഷാപദ്ധതിതൻ
ചരിത്രമാണാതിരുഗ്രന്ഥം

പഴയചരിത്രവുമതുപോലെ
പുതിയചരിത്രവുമിഴചേരും
പരിപാവനമാഗ്രന്ഥത്തിൽ
പരിപാലനയുടെ വചനങ്ങൾ

പ്രപഞ്ചസൃഷ്ടിമുതൽക്കല്ലോ
പ്രകാശരൂപൻ സകലേശൻ
മനുഷ്യരക്ഷാചരിത്രത്തിൽ
മഹത്ത്വഭാവം വർണ്ണിച്ചു

# ദൈവവചനം വായിക്കാം, വിവരിക്കാം

**നോഹയുമായുള്ള ഉടമ്പടി വിവരിക്കുക.**

# വഴികാട്ടാൻ ഒരു തിരുവചനം

'അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും,

പാതയിൽ പ്രകാശവുമാണ് .

## എന്റെ തീരുമാനം

**ദൈവവചനമായ വിശുദ്ധ ഗ്രന്ഥം ദിവസവും**

**ഞാൻ ഭക്തിപൂർവ്വം വായിക്കും.**

# ബോധ്യങ്ങൾ

* മനുഷ്യജനതയ്ക്കു മുഴുവനുമായി ദൈവം നൽകിയ വിശുദ്ധഗ്രന്ഥമാണ് ബൈബിൾ

* ദൈവാനുഭവത്തിന്റെ ചരിത്രമാണ് ബൈബിൾ അവതരിപ്പിക്കുന്നത്



# മനോഭാവങ്ങൾ

* ബൈബിളിലൂടെ നമ്മോടു നിരന്തരം സംസാരിക്കുന്ന ദൈവത്തിനു നാം നന്ദിയർപ്പിക്കണം

* ദൈവവചനമായ ബൈബിൾ ആദരവോടെ ഉപയോഗിക്കണം



## ശീലങ്ങൾ

* ഞാൻ എല്ലാ ദിവസവും ഭക്തിയോടും ശ്രദ്ധയോടും കൂടി ബൈബിൾ വായിക്കും.




THANK
YOU